**"ഭരണഭാഷ മാതൃഭാഷ"**

**കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ: SUNIL JOHN J)

**കോളേജ് വിദ്യാഭ്യാസ വകുപ്പ് - സർക്കാർ ആർട്സ് & സയൻസ് കോളേജ് അധ്യാപകർ - സോഷ്യോളജി വിഭാഗം - 2026-27 വർഷത്തെ പൊതുസ്ഥലംമാറ്റം - പ്രസിദ്ധീകരിച്ച കരട് പട്ടിക - റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ഉത്തരവ് നമ്പർ: DCETVM/4166/2026-A1** **തീയതി: 13-08-2026**

---

പരാമർശം: 1.ഈ ഓഫീസിലെ 09.05.2026-ലെ DCETVM/803/2026-B2 നമ്പർ സർക്കുലർ.

2.ഈ ഓഫീസിലെ 04.07.2026-ലെ DCETVM/4166/2026-A1 നമ്പർ കരട് സ്ഥലംമാറ്റ പട്ടിക.

**ഉത്തരവ്**

സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ സോഷ്യോളജി വിഭാഗം അധ്യാപകരുടെ 2026-27 വർഷത്തെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത കരട് പട്ടികയിൽ ഡോ. അബ്ദുറഹീം എം.പി.യെ ഗവൺമെന്റ് കെ.എൻ.എം. ആർട്സ് ആൻഡ് സയൻസ് കോളേജ്, കാഞ്ഞിരംകുളത്തിൽ നിന്നും ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, തവനൂരിലേക്ക് മാറ്റുന്നതിനും, അതനുസരിച്ച് ശ്രീ. വിനോദ് സി.വിയെ തവനൂരിൽ നിന്നും ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, തഴവയിലേക്ക് മാറ്റുന്നതിനും, ശ്രീമതി അരുണ യു.ജിയെ തഴവയിൽ നിന്നും കാഞ്ഞിരംകുളത്തേക്ക് മാറ്റുന്നതിനുമാണ് നിർദ്ദേശിച്ചിരുന്നത്.

എന്നാൽ, ഡോ. അബ്ദുറഹീം എം.പി. നിലവിൽ സെൻസസ് ഡ്യൂട്ടിയിൽ ഏർപ്പെട്ടിരിക്കുന്നതിനാൽ, അദ്ദേഹത്തിന്റെ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, തവനൂരിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ നിലവിൽ പരിഗണിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ, ശ്രീ. വിനോദ് സി.വിയെ നിലവിൽ സേവനം അനുഷ്ഠിക്കുന്ന ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, തവനൂരിൽ തന്നെ നിലനിർത്തേണ്ടതുണ്ട്.

ഇപ്രകാരം പരിശോധിക്കുമ്പോൾ, കരട് പട്ടികയിൽ ക്രമ നമ്പർ 2 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി അരുണ യു.ജിയെയും നിലവിൽ സേവനം അനുഷ്ഠിക്കുന്ന ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, തഴവയിൽ തന്നെ നിലനിർത്തേണ്ട സാഹചര്യമാണുള്ളത്.

കൂടാതെ, ഗവൺമെന്റ് കെ.എൻ.എം. ആർട്സ് ആൻഡ് സയൻസ് കോളേജ്, കാഞ്ഞിരംകുളത്ത് നിലവിൽ ഒരു ഒഴിവ് നിലനിൽക്കുന്നുണ്ടെങ്കിലും, പ്രസ്തുത കോളേജിൽ രണ്ട് അധിക തസ്തികകൾ നിലവിലുണ്ട്. അധിക തസ്തികകളുടെ ക്രമീകരണത്തിനായി മാറ്റിവച്ചിട്ടുള്ള ഒഴിവിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നത് ഉചിതമല്ല.

മേൽ സാഹചര്യത്തിൽ, 2026-27 വർഷത്തിൽ സോഷ്യോളജി വിഭാഗത്തിൽ പരസ്പരം ബന്ധിപ്പിച്ചിട്ടുള്ള പ്രസ്തുത സ്ഥലംമാറ്റങ്ങൾ നടപ്പിലാക്കുന്നതിനുള്ള സാഹചര്യം

നിലവിലില്ലാത്തതിനാൽ, 2026-27 വർഷത്തെ സോഷ്യോളജി വിഭാഗം അധ്യാപകരുടെ പൊതുസ്ഥലംമാറ്റത്തിനായി പ്രസിദ്ധീകരിച്ച കരട് പട്ടിക റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

SUNIL JOHN J
ADDITIONAL DIRECTOR
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഇൻ ചാർജ

Digitally signed by
SUNIL JOHN J
Date: 13-08-2026
13:39:40

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

2.ബന്ധപ്പെട്ട അദ്ധ്യാപകർക്ക്

3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്

4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

5.എ / ബി സെക്ഷൻ സൂപ്രണ്ട്

6.അക്കൗണ്ടന്റ് ജനറൽ എ &ഇ കേരള തിരുവനന്തപുരം

7.കരുതൽ ഫയൽ /ഓഫീസ് ഫയൽ